سورة الاخلاص

112. സൂറതുൽ ഇഖ്‌ലാസ്വ്

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 4

(മദീനഃയിലാണെന്നും അഭിപ്രായമുണ്ട്)

ഈ സൂറത്ത് ഒന്നിലധികം പേരുകളിൽ അറിയപ്പെടുന്നു. യാതൊരു കലർപ്പും കൂടാത്ത- തികച്ചും പരിശുദ്ധമായ- ഏകദൈവവിശ്വാസമൂല്യങ്ങൾ ഉൾക്കൊള്ളുന്ന അദ്ധ്യായമെന്ന നിലക്ക് സൂറത്തുൽ 'ഇഖ്‌ലാസ്വ്' (നിഷ്കളങ്കത) എന്നും, മതത്തിന്റെ അടിസ്ഥാനമായ മൗലികതത്വങ്ങൾ ഉൾക്കൊള്ളുന്നതെന്ന നിലക്ക് സൂറത്തുൽ 'അസാസ്' (അടിത്തറ) എന്നും, കൂടാതെ, സൂറത്തുൽ 'മഅ്‌രിഫഃ' (വിജ്ഞാനം) എന്നും, സൂറതു 'ത്തൗഹീദ്' (ഏകദൈവ സിദ്ധാന്തം) എന്നും *(*)* ഇതിന് പേരുകൾ ഉണ്ട്. ഓരോ പേരും ഇതിന്റെ മഹത്വവും പ്രാധാന്യവും ചൂണ്ടിക്കാട്ടുന്നു.

ആഇശഃ (റ) പറഞ്ഞതായി ബുഖാരിയും മുസ്‌ലിമും (റ) ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു: നബിﷺ ഒരാളെ ഒരു സൈന്യത്തിന്റെ തലവനായി അയച്ചിരുന്നു. അദ്ദേഹം അവരുമായി നമസ്കരിക്കുമ്പോൾ قُلْ هُوَ اللَّهُ أَحَدٌ (ഈ അദ്ധ്യായം) ഓതിക്കൊണ്ടായിരുന്നു അതിൽ ക്വുർആൻ പാരായണം അവസാനിപ്പിച്ചിരുന്നത്. സൈന്യം മടങ്ങി വന്നപ്പോൾ അവർ ഈ വിവരം നബിﷺയെ അറിയിച്ചു. അദ്ദേഹം അങ്ങനെ ചെയ്യാൻ കാരണമെന്താണെന്ന് അദ്ദേഹത്തോട് അന്വേഷിക്കുവാൻ നബിﷺ അവരോട് കൽപിച്ചു. അദ്ദേഹം ഇങ്ങനെ മറുപടി പറഞ്ഞു: 'കാരണം, അത് പരമകാരുണികന്റെ ഗുണവിശേഷണമാണ്, ഞാൻ അത് പാരായണം ചെയ്യാൻ ഇഷ്ടപ്പെടുന്നു.' ഇത് കേട്ടപ്പോൾ നബിﷺ പറഞ്ഞു: അദ്ദേഹത്തെ 'അല്ലാഹു സ്നേഹിക്കുന്നുണ്ടെന്ന് നിങ്ങൾ അദ്ദേഹത്തോട് പറഞ്ഞുകൊടുക്കുക.' മറ്റൊരു സംഭവം ഇപ്രകാരമാണ്: ക്വുബായിലെ പള്ളിയിലെ ഒരു ഇമാം നമസ്കാരത്തിൽ ഓരോ സൂറത്ത് ഓതുമ്പോഴും അതിനുമുമ്പായി ആദ്യം ഈ സൂറത്ത് ഓതാറുണ്ടായിരുന്നു. ജനങ്ങളുടെ ആക്ഷേപം വിലവെക്കാതെ അദ്ദേഹം അത് തുടർന്നുവന്നു. അദ്ദേഹത്തിന്റെ യോഗ്യത കണക്കിലെടുത്ത് ജനങ്ങൾ അദ്ദേഹത്തെ കൈവിട്ടതുമില്ല. നബിﷺ അവിടെ വന്നപ്പോൾ അവർ വിവരം അറിയിച്ചു. എല്ലാ റക്അത്തിലും ഈ സൂറത്ത് മുറുകെ പിടിക്കുവാനുള്ള കാരണമെന്താണെന്ന് നബിﷺ അദ്ദേഹത്തോട് ചോദിച്ചു. 'ഞാനതിനെ ഇഷ്ടപ്പെടുന്നു' എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. അപ്പോൾ നബിﷺ പറഞ്ഞു: 'താങ്കൾക്ക് അതിനോടുള്ള ഇഷ്ടം താങ്കളെ സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നതാണ്. (حبك اياها ادخلك الجنة) ഈ സംഭവം ബുഖാരിയിലും തിർമ

(*) سورة الاساس، سورة المعرفة، سورة التوحيد

ദിയിലും കാണാം. (رواه البخاري تعليقا ورواه الترمذى عنه)

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ ﴿١﴾

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

قُلْ هُوَ ٱللَّهُ أَحَدٌ ﴿١﴾

﴾1﴿ (നബിയേ) പറയുക: അത് [കാര്യം]: അല്ലാഹു ഏകനാകുന്നു.

ٱللَّهُ ٱلصَّمَدُ ﴿٢﴾

﴾2﴿ അല്ലാഹു സർവ്വാശ്രയനായ യജമാനനത്രെ.

لَمْ يَلِدْ وَلَمْ يُولَدْ ﴿٣﴾

﴾3﴿ അവൻ (സന്താനം) ജനിപ്പിച്ചിട്ടില്ല; അവൻ (സന്താനമായി) ജനിച്ചുണ്ടായിട്ടുമില്ല.

وَلَمْ يَكُن لَّهُۥ كُفُوًا أَحَدٌۢ ﴿٤﴾

﴾4﴿ അവന് തുല്യനായിട്ട് യാതൊരുവനും ഇല്ലതാനും.

﴾1﴿ قُلْ നീ പറയുക هُوَ അത് (കാര്യം), അവൻ اللهُ അല്ലാഹു, അല്ലാഹുവാണ് أَحَدٌ ഒരുവനാണ്, ഏകനാണ് ﴾2﴿ اللهُ അല്ലാഹു الصَّمَدُ (സർവ്വരാലും ആശ്രയിക്കപ്പെടുന്ന- ആരുടെയും ആശ്രയംവേണ്ടാത്ത- സർവാവലംബനായ) യജമാനനത്രെ, യോഗ്യനാണ്, സർവാശ്രയനാണ് ﴾3﴿ لَمْ يَلِدْ അവൻ ജനിപ്പിച്ചിട്ടില്ല, അവന്ന് ജനിച്ചിട്ടില്ല وَلَمْ يُولَدْ അവൻ ജനിപ്പിക്കപ്പെട്ടിട്ടുമില്ല, അവൻ ജനിച്ചിട്ടുമില്ല ﴾4﴿ وَلَمْ يَكُن لَّهُ അവന്നില്ലതാനും كُفُوًا തുല്യനായിട്ട്, കിടയായി أَحَدٌ ഒരാളും (ഒന്നും)

'ഈ സൂറത്ത് ഖുർആന്റെ മൂന്നിൽ ഒരു ഭാഗത്തിന് സമമാകുന്നു' എന്ന് നബിﷺ അരുളിച്ചെയ്തതായി ബുഖാരിയും മുസ്‌ലിമും അടക്കം പല ഹദീഥ് പണ്ഡിതൻമാരും രേഖപ്പെടുത്തിയിട്ടുള്ള പല ഹദീഥുകളിലും കാണാവുന്നതാണ്. എല്ലാ രാത്രിയും ഉറങ്ങുവാൻ കിടക്കുന്നേരം ഈ സൂറത്തും അടുത്ത രണ്ട് സൂറത്തുകളും (സൂ: ഫലക്വും, നാസും) ഓതി രണ്ട് കൈകളിൽ ഊതി മുഖത്തും, തലയിലും, ശരീരം മുഴുവനും മൂന്ന് പ്രാവശ്യം നബിﷺ തടവിയിരുന്നതായും ബുഖാരി, മുസ്‌ലിം (റ) മുതലായവർ രേഖപ്പെടുത്തിയിരിക്കുന്നു. സൂറത്തുൽ കാഫിറൂന്റെ ആരംഭത്തിൽ ഉദ്ധരിച്ച ഹദീഥുകളും ഓർക്കുക. ഇതുപോലെ, ഈ സൂറത്തിന്റെ പ്രാധാന്യം കുറിക്കുന്ന പല ഹദീഥുകളും കാണാവുന്നതാണ്.

നിന്റെ റബ്ബിനെ ഞങ്ങൾക്കൊന്ന് വിവരിച്ചുതരണം എന്ന് മുശ്‌രിക്കുകൾ നബിﷺയോട് ആവശ്യപ്പെട്ടുവെന്നും, അതിനെത്തുടർന്നാണ് ഈ സൂറത്ത് അവതരിച്ചതെന്നും അഹ്മദും, തിർമദിയും, ബുഖാരി അദ്ദേഹത്തിന്റെ 'താരീഖ്' എന്ന ഗ്രന്ഥത്തിലും നിവേദനം ചെയ്തിരിക്കുന്നു. മേൽകണ്ടതുപോലെയുള്ള മഹത്വങ്ങളും നേട്ടങ്ങളും കൈവരണമെങ്കിൽ വായകൊണ്ട് വൃഥാ ഉരുവിട്ടാൽമാത്രം പോരാ, അതിലെ ആശയം ഗ്രഹിച്ചും അത് മനസ്സിൽ പതിഞ്ഞും, അതിന്റെ ഗൗരവം ഓർത്തുകൊണ്ടും കൂടിയായിരിക്കേണ്ട

തുണ്ട്. ومن الله التوفيق

ഏതൊരു രക്ഷിതാവിന്റെ– ഏതൊരു ആരാധ്യന്റെ –ഏകസിദ്ധാന്തത്തിലേക്കാണോ ഞാൻ നിങ്ങളെ ക്ഷണിക്കുന്നത് ആ രക്ഷിതാവും ആ ആരാധ്യനുമായുള്ളവന്റെ മഹോൽകൃഷ്ടഗുണവിശേഷണങ്ങളെ ഇതാ, ഞാൻ നിങ്ങൾക്ക് വിവരിച്ചുതരാം; കേട്ടുകൊള്ളുക എന്ന് പ്രഖ്യാപിക്കുവാൻ നബിﷺയോട് കൽപിച്ചുകൊണ്ടാണ് അല്ലാഹു സൂറത്ത് ആരംഭിക്കുന്നത്. തുടർന്നുകൊണ്ട്– തൗഹീദിന് നിദാനമായ– അതിന്റെ അനിവാര്യതക്ക് ആധാരമായ– അവന്റെ പരിശുദ്ധ ഗുണവിശേഷണങ്ങളെക്കുറിച്ച് പ്രസ്താവിക്കുന്നു.

هُوَ (ഹുവ) എന്ന സർവ്വനാമത്തിന് 'അത്' എന്നും, 'അവൻ' എന്നും അർത്ഥം വരും. മുമ്പ് പ്രസ്താവിക്കപ്പെട്ട ഏതെങ്കിലും ഒന്നിനെ ഉദ്ദേശിച്ചുകൊണ്ടല്ലാതെയുള്ള ഇത്തരം സന്ദർഭങ്ങളിൽ, പിന്നീട് പറയുന്ന വിഷയത്തിന്റെ ഗൗരവത്തിലേക്ക് ശ്രദ്ധ പതിപ്പിക്കുവാൻവേണ്ടി ആ പദം ഉപയോഗിക്കപ്പെടാറുണ്ട്. ഇതിന് ضمير الشأن (കാര്യത്തിലേക്ക് ശ്രദ്ധ തിരിക്കുന്ന സർവനാമം) എന്ന് പറയപ്പെടുന്നു. ഇവിടെയും അതാണെന്നാണ് മിക്ക മുഫസ്സിറുകളും പറയുന്നത്. ഇതനുസരിച്ചാണ് 'കാര്യം' എന്ന് ഇത്തരം സ്ഥാനങ്ങളിൽ അതിന് അർത്ഥം കൽപിക്കപ്പെടുന്നതും. താഴെ പറയുന്നതാണ് സംസാരിക്കുന്ന കാര്യം എന്ന് സാരം. അപ്പോൾ, അടുത്തവാക്കുകളുമായി അതിന് ഘടനാപരമായ പ്രത്യേകമൊരു ബന്ധം ഉണ്ടായിരിക്കയില്ല. വേണമെങ്കിൽ, അവിശ്വാസികളുടെ വാക്കുകളിൽനിന്നോ, സ്ഥിതിഗതികളിൽനിന്നോ അല്ലാഹുവിനെക്കുറിച്ച് ഉത്ഭവിച്ച അന്വേഷണത്തിന്റെ മറുപടിയെന്ന നിലക്ക് അത് സാധാരണ സർവ്വനാമം തന്നെയാണെന്നും വെക്കാവുന്നതാണ്. അപ്പോൾ, അടുത്ത വാക്കും അതും ചേർന്നുകൊണ്ടുള്ളതായിരിക്കും വാചകഘടന. 'അവൻ അല്ലാഹുവാണ്, ഏകനാണ്' എന്നായിരിക്കും അപ്പോൾ അതിന് അർത്ഥം വരുക. വ്യാകരണപരമായും, സാഹിത്യപരമായും നോക്കുമ്പോൾ, ആദ്യത്തെതിനാണ് കൂടുതൽ മെച്ചമുള്ളത്. അല്ലാഹുവിനെക്കുറിച്ച് ഈ സൂറത്തിൽ പരിചയപ്പെടുത്തുന്നത് അവന്റെ അഞ്ചുഗുണങ്ങളിലൂടെയാണ്:-

(1) اللَّهُ أَحَدٌ (അല്ലാഹു ഏകനാണ്). അതെ, ബഹുത്വമോ, നാനാത്വമോ, ഘടനയോ ഇല്ലാത്തവൻ; ഇണയോ, തുണയോ, പങ്കാളിയോ ഇല്ലാത്തവൻ; സത്തയിലും, ഗുണങ്ങളിലും, പ്രവർത്തനത്തിലുമെല്ലാം തന്നെ ഏകനായുള്ളവൻ.

أَحَد (അഹദ്) എന്ന വാക്കിന് 'ഒരുവൻ, ഏകൻ' എന്നൊക്കെയാണ് വാക്കർത്ഥമെങ്കിലും അതിന്റെ പ്രയോഗത്തിൽ ചില പ്രത്യേകതകളുണ്ട്. لاأَحَد (ഒരാളുമില്ല) എന്ന് നിഷേധരൂപത്തിൽ പറയുമ്പോൾ ഈ വാക്ക് സൃഷ്ടികളെപ്പറ്റി ഉപയോഗിക്കാറുണ്ടെങ്കിലും സ്ഥാനരൂപത്തിൽ പറയുമ്പോൾ അല്ലാഹുവിനെക്കുറിച്ചല്ലാതെ അത് ഉപയോഗിക്കാറില്ല. അതായത് 'അല്ലാഹു ഏകനാണെ'ന്നും, 'ഏകനായ അല്ലാഹു' എന്നും (اللَّهُ أَحَد، الله الاحد) പറയുന്നത്പോലെ, 'ഏകനായ നേതാവ്' എന്നോ, നേതാവ് ഏകനാണ് (السيد الاحد،السيد احد) എന്നോ മറ്റോ ആ വാക്ക് ചേർത്തുപറഞ്ഞുകൂടാത്തതാണ്. അതുപോലെത്തന്നെ, എണ്ണം പറയുമ്പോൾ 'ഒന്ന്'– അല്ലെങ്കിൽ 'ഒരാൾ'– എന്ന അർത്ഥത്തിലും ആ പദം ഉപയോഗിക്കപ്പെടുന്നതല്ല. وَاحِد (വാഹിദ്) എന്നേ ഉപയോഗിക്കാറുള്ളൂ. അപ്പോൾ, എണ്ണത്തിൽ ഏകൻ എന്ന് മാത്രമല്ല, ഏത് നിലക്ക് നോക്കിയാലും ഏകനായുള്ളവൻ എന്നുള്ള ഒരർത്ഥമാണ് അതിനുള്ളത്. അതുകൊണ്ട്തന്നെ

യാണ് അല്ലാഹുവിന്റെ വിശേഷണങ്ങളിൽ الوَاحِد،الأَحَد (ഒരുവൻ, ഏകൻ) എന്നീ രണ്ട് വാക്കുകളും ഒരേ അവസരത്തിൽ ഉപയോഗിക്കപ്പെടുന്നതും. ഈ വ്യത്യാസം ധ്വനിപ്പിക്കുന്നവിധം വിവർത്തനം ചെയ്യാവുന്ന ഒറ്റവാക്ക് മലയാളത്തിൽ കാണുന്നില്ല. ചുരുക്കത്തിൽ, ബഹുത്വത്തിന്റെയോ, നാനാത്വത്തിന്റെയോ, ഘടനയുടെയോ കലർപ്പില്ലാത്ത ഏകനായുള്ളവൻ എന്ന് أَحَد നും, എണ്ണത്തിൽ മറ്റൊരു ഇണയില്ലാത്ത ഒരേ ഒരുവൻ എന്ന് وَاحِد നും അർത്ഥമാകുന്നു. അല്ലാഹു ഏകനാണ് എന്നതിന്റെ ഒരു വിശദീകരണമാണ് തുടർന്ന് പറയുന്ന ഗുണങ്ങൾ എന്ന് പറയാം.

(2) اللَّهُ الصَّمَدُ (അല്ലാഹു സർവ്വരാലും ആശ്രയിക്കപ്പെടുന്ന യജമാനനത്രെ). الصَّمَد (അസ്സ്വമദ്) എന്ന വിശേഷണനാമം ഉൾക്കൊള്ളുന്ന ആശയങ്ങൾ ദ്യോതിപ്പിക്കുന്ന മലയാളവാക്കും നാം കാണുന്നില്ല. ആരുടെയും ആശ്രയം വേണ്ടാത്ത- എല്ലാവരും ആശ്രയിക്കേണ്ടിവരുന്ന അജയ്യനായ- നിത്യശക്തനായ യജമാനൻ എന്നാണ് ചുരുക്കത്തിൽ വിവക്ഷ. അതായത്, യാതൊന്നിന്റെയും ഒരു തരത്തിലുള്ള ആശ്രയവും വേണ്ടാതിരിക്കുവാനും, എല്ലാ വസ്തുക്കൾക്കും ആശ്രയം അനിവാര്യമായിത്തീരുവാനും ആവശ്യമായ എല്ലാ ഉൽകൃഷ്ടഗുണങ്ങളും സമ്പൂർണമായുള്ള മഹാൻ എന്ന് സാരം.

(3, 4) لَمْ يَلِدْ (അവൻ സന്താനം ജനിപ്പിച്ചിട്ടില്ല); وَلَمْ يُولَدْ (അവൻ ജനിച്ചുണ്ടായിട്ടുമില്ല). അവൻ ഏതെങ്കിലും ഒന്നിന്റെ ജനയിതാവല്ല. അഥവാ പിതാവോ, മാതാവോ, ബീജമോ അല്ല. അവൻ മറ്റൊന്നിൽനിന്ന് ജന്യനായവനോ ഉത്ഭൂതമായവനോ അല്ല. അവൻ സ്വയംഭൂവാണ്. അനാദ്യനാണ്. അനന്തനാണ്, അപ്പോൾ അവന്റെ സന്താനമോ, അവതാരമോ ആയി യാതൊന്നും ഉണ്ടാകാവതല്ലതന്നെ. അങ്ങനെയുള്ള സങ്കൽപങ്ങളിൽനിന്നെല്ലാം പരിശുദ്ധനാണ് അവൻ. അവനല്ലാതെയുള്ളതെല്ലാം അവന്റെ സൃഷ്ടികൾ മാത്രം.

(5) وَلَمْ يَكُن لَّهُ كُفُوًا أَحَدٌ (അവന് തുല്യനായി ഒരുവനുമില്ല). അവന്റെ സത്തയിലോ, ഗുണങ്ങളിലോ, പ്രവർത്തനങ്ങളിലോ, അധികാരത്തിലോ, അവകാശത്തിലോ, സൃഷ്ടിയിലോ, സംഹാരത്തിലോ, നിയന്ത്രണത്തിലോ, കൈകാര്യകർത്തൃത്വത്തിലോ, അറിവിലോ, കഴിവിലോ ഒന്നുംതന്നെ അവന് തുല്യനായി- കിടയായി- പങ്കാളിയായി- ഒന്നുമില്ല; ഒരാളുമില്ല. അതെ, അവനെപ്പോലെ ഒരു വസ്തുവുമില്ല. അവനാകട്ടെ, എല്ലാം കേൾക്കുന്നവനും കണ്ടറിയുന്നവനുമത്രെ. (لَيْسَ كَمِثْلِهِ شَيْءٌ وَهُوَ السَّمِيعُ الْبَصِيرُ)

ഈ സൂറത്തിൽ അല്ലാഹുവിന്റെ പരിശുദ്ധഗുണങ്ങളായി പ്രസ്താവിച്ച അഞ്ച് കാര്യങ്ങളും അവയിലടങ്ങിയ തത്വസാരങ്ങളും പരിശോധിക്കുമ്പോൾ, അവിശ്വാസികളിൽപെട്ട ഓരോ വിഭാഗക്കാരും മുസ്‌ലിം സമുദായത്തിൽപെട്ട ചില അന്ധവിശ്വാസികളും അല്ലാഹുവിനെപ്പറ്റി സങ്കൽപിച്ചോ വാദിച്ചോ വരുന്ന എല്ലാ അപവാദങ്ങൾക്കുമുള്ള ഖണ്ഡനമൂല്യങ്ങൾ അതിൽ അടങ്ങിയിട്ടുണ്ടെന്ന് കാണാവുന്നതാണ്. ﴿فلله الحجة البالغة﴾

﴿اللهم لك الحمد والمنة والفضل﴾